# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

രണ്ടാം നില, നോർക്ക സെന്റർ ഗവ. ഗസ്റ്റ് ഹൗസിന് സമീപം
തൈക്കാട് പി.ഒ തിരുവനന്തപുരം - 695014
ടെലിഫോൺ: +471 2785500,2785507, ഫാക്സ്: 2785501
E-mail: info@pravasikerala.org www.pravasikerala.org

## സർക്കുലർ

KNRKWB/616/2024-S19 തീയതി: 06-08-2024

വിഷയം: കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്- ക്ഷേമനിധി ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ.

കേരള നിയമസഭ അംഗീകരിച്ച 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട്, 2009-ലെ പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതി എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് പ്രവാസി ക്ഷേമ ബോർഡ്, ക്ഷേമനിധി അംഗങ്ങൾക്കായി, വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ലോകത്തെവിടെ ആയാലും കേരള പ്രവാസി ക്ഷേമ ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.pravasikerala.org വഴി ഓൺലൈനായി ക്ഷേമ ബോർഡിൽ നിന്നുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ക്ഷേമ പദ്ധതി അംഗങ്ങൾക്കായി പ്രവാസി ക്ഷേമ ബോർഡിൽ നിന്നും നൽകുന്ന ചികിൽസ ധനസഹായം, വിവാഹ ധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, പോലുള്ള പ്രത്യേക ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകളിലെ അപര്യാപ്തത മൂലം അപേക്ഷ നിരസിക്കപ്പെടുകയോ, പുനർ സമർപ്പണം ആവശ്യമാകുന്ന തരത്തിൽ കാലതാമസം ഉണ്ടാകുകയോ ചെയ്യുന്നുണ്ട്. ഇതുമൂലം വിവിധ അനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കുന്ന അംഗങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിലേക്കായി ഇതുമായി ബന്ധപ്പെട്ട അർഹത മാനദണ്ഡങ്ങൾ, മാർഗ നിർദേശങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതായ രേഖകൾ, അപേക്ഷിക്കുന്ന രീതികൾ ഇവ സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

## 1. ചികിത്സ ധനസഹായം

### i) ചികിത്സ ധന സഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ :-

- ചികിത്സ ധനസഹായത്തിനുള്ള അപേക്ഷ ചികിത്സ കഴിഞ്ഞ് ആറ് മാസത്തിനകം

സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നിരിക്കിലും മേൽ പറഞ്ഞ കാലയളവിനു ശേഷം ശേഷം സമർപ്പിക്കുന്ന അപേക്ഷകളിലും, മതിയായ കാരണങ്ങളാലാണെന്ന് കാലതാമസം ഉണ്ടായിട്ടുള്ളതെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷ സ്വീകരിക്കാവുന്നതാണ്. എന്നാൽ രണ്ടു വർഷത്തിൽ കൂടുതലുള്ള ബില്ലുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല .

- ഇത്തരം അപേക്ഷയോടൊപ്പം ചികിത്സ ചെലവ് സൂചിപ്പിക്കുന്ന ഒറിജിനൽ ബില്ലുകൾ ആണ് സമർപ്പിക്കേണ്ടത്.
- പ്രവാസി ക്ഷേമ നിധിയിൽ അംഗത്വമെടുത്ത് അംശദായം മുടങ്ങാതെ അടച്ച് അംഗത്വം നിലനിർത്തി പോരുന്ന അംഗങ്ങൾക്ക് മാത്രമേ ചികിൽസാ ധനസഹായത്തിന് അർഹതയുള്ളൂ. കുടുംബാംഗങ്ങൾക്ക് അർഹതയില്ല.
- പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്തതിനു ശേഷമുള്ള ചികിത്സയ്ക്ക് മാത്രമെ ധനസഹായം അനുവദിക്കുകയുള്ളൂ.
- പ്രവാസി ക്ഷേമനിധിയിൽ നിന്നും പെൻഷൻ ലഭിക്കുന്നവർക്ക് ആനുകൂല്യത്തിന് അർഹതയില്ല.
- ചികിൽസയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നോ, കേരള സർക്കാരിൽ നിന്നോ, നോർക്ക റൂട്സിൽ നിന്നോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ, സർക്കാർ ഏജൻസികളിൽ നിന്നോ, മറ്റ് ഇൻഷ്വറൻസ് കമ്പനികളിൽ നിന്നോ ധനസഹായം ലഭിക്കുന്ന പക്ഷം ആ ചികിൽസയ്ക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- വ്യത്യസ്ത ആശുപത്രികളിലെ ചികിത്സയ്ക്ക് വെവ്വേറെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.
- ഉത്തരവ് നമ്പർ : KNRKWB/70/2024-S19, തീയതി : 28/06/2024 പ്രകാരം (പകർപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്) അംഗീകൃതപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളിലെ ചികിത്സക്കാണ് ധനസഹായം അനുവദിക്കുന്നത്.

**ii) ആവശ്യമായ രേഖകൾ**

ഓൺലൈൻ മുഖാന്തിരം സമർപ്പിക്കുന്ന അപേക്ഷയിൽ ഒറിജിനൽ ബില്ലുകളുടെ വിശദ വിവരങ്ങൾ (അതായത് ബില്ലിലെ ഇനം, നമ്പർ, തീയതി, ഓരോ ഇനത്തിൻറെയും തുക) ഇവ രേഖപ്പെടുത്തുന്നതോടൊപ്പം ചുവടെ ചേർത്തിട്ടുള്ള രേഖകൾ തപാൽ മുഖാന്തിരം ബോർഡ് ഹെഡ് ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

- ഒറിജിനൽ ബില്ലുകളുടെ വിശദ വിവരങ്ങൾ ഓൺലൈൻ ആയി രേഖപ്പെടുത്തുമ്പോൾ ലഭ്യമാകുന്ന എസ്സെൻഷ്യാലിറ്റി സർട്ടിഫിക്കറ്റിൻറെ പ്രിൻറ്ഔട്ടിലും, ഒറിജിനൽ ബില്ലുകളിലും ചികിത്സ നടത്തിയ ആശുപത്രിലെ ഡോക്ടർ സാക്ഷ്യപ്പെടുത്തി ആശുപത്രി സീലും പതിച്ച് അയച്ചു തരേണ്ടതാണ്.
- ഡിസ്ചാർജ് ബിൽ ആണെങ്കിൽ ഡീറ്റെയിൽഡ് ബിൽ സമർപ്പിക്കേണ്ടതാണ്.

**iii) അപ് ലോഡ് ചെയ്യേണ്ടവ**

- ചികിത്സയുടെ വിവരങ്ങൾ തെളിയിക്കുന്ന ഡിസ്ചാർജ് സമ്മറി അല്ലെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റ്
- ഏതെങ്കിലും ദേശസാൽകൃത ബാങ്കിലെ സ്വന്തം പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിൻറെ പ്രിൻറ് ചെയ്ത പകർപ്പ് ( NRI/NRE അക്കൗണ്ട് സ്വീകാര്യമല്ല)
- അപേക്ഷകന്റെ ഒപ്പ്.
- രേഖകളിലെ പേരും അംഗത്വത്തിലെ പേരും വ്യത്യാസമുണ്ടെങ്കില് - രണ്ട് പേരും ഒന്നാണെന്ന് തെളിയിക്കുന്ന "One and the Same Certificate"
- ചികിൽസ കഴിഞ്ഞ് ആറ് മാസം കഴിഞ്ഞുള്ള അപേക്ഷകളിൽ മതിയായ കാരണത്താലാണ് നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ സമർപ്പിക്കാൻ കഴിയാതിരുന്നതെന്ന് ബോധ്യപ്പെടുത്തുന്ന റിക്വസ്റ്റ് ലെറ്റർ.

**iv) അപേക്ഷ എങ്ങനെ സമർപ്പിക്കാം.**

കേരള പ്രവാസി ക്ഷേമ ബോർഡിൻറെ വെബ്സൈറ്റായ www.pravasikerala.org ൽ കയറുക.

| |
|---|
| www.pravasikerala.org → Services → Already Registered Members→ Login-User name & Password (Create ചെയ്ത്/ Login ചെയ്ത്) → Schemes → Treatment Assistance |

## 2. വിവാഹ ധനസഹായം:

**i) വിവാഹ ധന സഹായം ലഭിക്കുന്നതിനുള്ള അർഹത മാനദണ്ഡം.**

- കുറഞ്ഞത് 3 വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച് വരുന്നതോ, വിവാഹത്തിന് മുൻപേ 3 വർഷത്തെ അംശദായം മുൻകൂറായി അടച്ചതോ ആയ അംഗങ്ങളുടെ പ്രായപൂർത്തിയായ പെണ്മക്കളുടെ വിവാഹം
- കുറഞ്ഞത് 3 വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച് വരുന്നതോ , വിവാഹത്തിന് മുൻപേ 3 വർഷത്തെ അംശദായം മുൻകൂറായി അടച്ചതോ ആയ വനിതാ അംഗങ്ങളുടെ വിവാഹം/ പുനർവിവാഹം.
- എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
- അച്ഛനും അമ്മയും നിധിയിൽ അംഗങ്ങളാണെങ്കിലോ, അച്ഛനും അമ്മയും വിവാഹിതയാകുന്ന മകളും നിധിയിൽ അംഗങ്ങളാണെങ്കിലോ, നിധിയിലെ ഒരു അംഗത്തിന് മാത്രമേ ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**ii) അപേക്ഷിക്കേണ്ട രീതി , സമയ പരിധി ഇവ സംബന്ധിച്ച വിവരം**

- വിവാഹത്തീയതി കഴിഞ്ഞു 3 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- എന്നാൽ മതിയായ കാരണത്താൽ യഥാസമയം അപേക്ഷ സമർപ്പിക്കുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ നിശ്ചിത സമയ പരിധി കഴിഞ്ഞു ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കുന്ന അപേക്ഷകളും പരിഗണിക്കപ്പെടുന്നതാണ്

**iii) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതായ രേഖകൾ സംബന്ധിച്ച വിവരം**

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് ലഭിച്ച വിവാഹ സർട്ടിഫിക്കറ്റ്
- വിവാഹിതയായ മകളുടെ ഫോട്ടോ ഉൾപ്പെട്ട ഏതെങ്കിലും തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
- പ്രവാസി ക്ഷേമനിധിയിലെ അംഗത്തിന്റെ ഒപ്പ്
- വിവാഹിതയായ മകളും അംഗവുമായി ബന്ധം തെളിയിക്കുന്ന രേഖ
- ഏതെങ്കിലും ദേശസാൽകൃത ബാങ്കിലെ സ്വന്തം പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിൻറെ പ്രിൻറ് ചെയ്ത പകർപ്പ് (NRI/NRE അക്കൗണ്ട് സ്വീകാര്യമല്ല).
- രേഖകളിലെ പേരും, അംഗത്വത്തിലെ പേരും വ്യത്യാസമുണ്ടെങ്കിൽ - രണ്ട് പേരും ഒന്നാണെന്ന് തെളിയിക്കുന്ന "One and the Same Certificate"

**iv) അപേക്ഷ എങ്ങനെ സമർപ്പിക്കാം**

കേരള പ്രവാസി ക്ഷേമ ബോർഡിന്റെ വെബ്സൈറ്റായ www.pravasikerala.org ൽ കയറുക.

| |
|---|
| www.pravasikerala.org → Services → Already Registered Members→ Login-User name & Password (Create ചെയ്ത്/Login ചെയ്ത്) → Schemes → Marriage Assistance |

## 3.വിദ്യാഭ്യാസ ആനുകൂല്യം

**i) വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ:-**

- വിദ്യാഭ്യാസ ഗ്രാന്റ് ഒരംഗത്തിന് (അംഗത്തിന്റെ ഒരു കുട്ടിയ്ക്ക്) അംഗത്വ കാലയളവിൽ ഒരു തവണ മാത്രമേ അനുവദിക്കുകയുള്ളൂ. അപേക്ഷ സമർപ്പിക്കുമ്പോൾ കോഴ്സ് പൂർത്തിയായിരിക്കാൻ പാടുള്ളതല്ല.
- അപേക്ഷ സമർപ്പിക്കുന്ന സമയത്ത് അപേക്ഷകനായ അംഗത്തിനു മാസവരി, പിഴപലിശ എന്നിവയിൽ കുടിശ്ശിക ഉണ്ടാകുവാൻ പാടുള്ളതല്ല.
- ഗ്രാന്റിനായുള്ള അപേക്ഷകൾ എല്ലാ വർഷവും ജൂൺ 1 മുതൽ ഡിസംബർ 31 വരെയുള്ള

കാലയളവിൽ സമർപ്പിക്കേണ്ടതാണ്.

- പെൻഷൻ ആയവർ/ പെൻഷൻ പ്രായം കഴിഞ്ഞവർ, അംഗത്തിന്റെ ആശ്രിതർ എന്നിവർക്ക് ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**ii) വിദ്യാഭ്യാസ അനുകൂല്യത്തിനായി പരിഗണിക്കപ്പെടുന്ന കോഴ്സുകൾ**

- കേരള സർക്കാരിന്റെ കീഴിലുള്ള സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള ബിരുദ-ബിരുദാനന്തര കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ
- കേരള സർക്കാരിന്റെ കീഴിലുള്ള വ്യാവസായിക പരിശീലന വകുപ്പ് അംഗീകരിച്ചിട്ടുള്ള ഐ ടി ഐ കോഴ്സുകൾ/പൊളി ടെക്നിക് കോഴ്സുകൾ
- കേരള സർക്കാർ അംഗീകരിച്ച ത്രിവത്സര കോഴ്സുകൾ /ജനറൽ നഴ്സിംഗ് കോഴ്സുകൾ
- പൊതുപ്രവേശന പരീക്ഷാ ലിസ്റ്റിൽ നിന്നും മെറിറ്റ് അടിസ്ഥാനത്തിൽ സ്വകാര്യ സ്ഥാപനത്തിൽ പ്രവേശനം നേടിയവർ

**iii) വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നതിനായുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

- എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ പകർപ്പ്
- യോഗ്യത പരീക്ഷയുടെ മാർക്ക് ലിസ്റ്റ് /റേഷൻ കാർഡ് എന്നിവയുടെ പകർപ്പ്
- പഠിക്കുന്ന സ്ഥാപനത്തിന്റെ അധികാരിയിൽ നിന്നും ലഭ്യമാക്കേണ്ടതായ കോഴ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് (അപേക്ഷ ഫോമിൽ ഉള്ളത്)
- ഗവണ്മെന്റ് ഇതര സ്ഥാപനത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾ മെറിറ്റ് അടിസ്ഥാനത്തിലാണ് അഡ്മിഷൻ ലഭിച്ചത് എന്ന് തെളിയിക്കുന്ന കോളേജ് അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.
- അംഗത്തിന്റെ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്
- രേഖകളിലെ പേരും, അംഗത്വത്തിലെ പേരും വ്യത്യാസമുണ്ടെങ്കിൽ - രണ്ടു പേരും ഒന്നാണ് എന്ന് തെളിയിക്കുന്ന One and Same Certificate

**iv) അപേക്ഷ എങ്ങനെ സമർപ്പിക്കാം**

www.pravasikerala.org

| |
|---|
| **കേരള പ്രവാസി ക്ഷേമ ബോർഡിന്റെ വെബ് സൈറ്റ് ആയ** www.pravasikerala.org -> Services -> Login user name & password (**ലോഗിൻ ചെയ്ത്**) ->Schemes -> Education Grant. |

## 4. പ്രസവാനുകൂല്യം

i) **പ്രസവാനുകൂല്യം അനുവദിക്കുന്നതിനായുള്ള മാനദണ്ഡങ്ങൾ**

- കേരള പ്രവാസി ക്ഷേമ നിധിയിലെ വനിതാ അംഗങ്ങൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.
- തുടർച്ചയായി രണ്ടു വർഷകാലം അംശദായം അടച്ചിട്ടുള്ള ഒരു വനിതാ അംഗത്തിന് പ്രസവാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- ഒരു അംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയില്ല.
- പ്രസവം കഴിഞ്ഞു 3 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ മതിയായ കാരണത്താൽ മൂന്നു മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്ന അംഗത്തിന് രണ്ടു വർഷത്തിനുള്ളിൽ പ്രസ്തുത കാരണം ബോധിപ്പിച്ചു കൊണ്ടുള്ള വിശദീകരണ കത്ത് സഹിതം അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- ജനന സർട്ടിഫിക്കറ്റ് നൽകുന്നത് അതത് സ്ഥലത്തെ ജനന മരണ രജിസ്ട്രാർ/സർക്കാർ അംഗീകൃത ഡോക്ടർ /എംബസി ഉദ്യോഗസ്ഥർ എന്നിവർ ആയിരിക്കണം (അപേക്ഷകന്റെ പേര് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കണം).
- പ്രസവം നടന്ന ആശുപത്രിയിൽ നിന്ന് ലഭിക്കുന്ന ഡിസ്ചാർജ് സർട്ടിഫിക്കറ്റ്.
- ബാങ്ക് അക്കൗണ്ട് രേഖ - അപേക്ഷകൻ നൽകിയിരിക്കുന്ന ബാങ്ക് അക്കൗണ്ട് നമ്പറും, രേഖയിലെ അക്കൗണ്ട് നമ്പറും ഒന്നായിരിക്കണം. അപേക്ഷകന്റെ പേരിലെ സേവിങ്സ് ബാങ്ക് അക്കൗണ്ട് ആയിരിക്കണം (അപേക്ഷകൻറെ പേര്, ബാങ്കിൻറെ പേര്, അപേക്ഷകൻറെ അക്കൗണ്ട് നമ്പർ, ഐ.എഫ്. എസ്.സി ഇവ ശരിയാണെന്നു ഉറപ്പു വരുത്തണം)

ii) **പ്രസവാനുകൂല്യം അനുവദിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

- അപേക്ഷകന്റെ ഒപ്പ്
- ജനന സർട്ടിഫിക്കറ്റ്
- പ്രസവം നടന്ന ആശുപത്രിയിൽ നിന്നും ലഭിക്കുന്ന ഡിസ്ചാർജ് സമ്മറി
- ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്
- രേഖകളിലെ പേരിൽ വ്യത്യാസമുണ്ടെങ്കിൽ "one and same certificate"

iii) **ഗർഭ അലസലുമായി ബന്ധപ്പെട്ട ധനസഹായം**

- ഗർഭം അലസൽ സംഭവിച്ച വനിതാ അംഗത്തിന് 2000രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- പ്രസവാനുകൂല്യമോ, ഗർഭം അലസലിനുള്ള അനുകൂല്യമോ രണ്ടു തവണ മാത്രമേ ഒരു അംഗത്തിന് ലഭ്യമാകുകയുള്ളൂ. മേൽ പറഞ്ഞ രണ്ടു ആനുകൂല്യങ്ങളും ചേർത്ത് എടുക്കുന്നതിനും അവസരമുണ്ടായിരിക്കുന്നതാണ് .
- ഗർഭം അലസൽ സംബന്ധിച്ച അനുകൂല്യത്തിനാണ് അപേക്ഷിക്കുന്നതെങ്കിൽ രാജ്യത്തെ

അംഗീകൃത ഡോക്ടർ നൽകുന്ന സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കേണ്ടതാണ്

**iv) അപേക്ഷ എങ്ങനെ സമർപ്പിക്കാം**

**കേരള പ്രവാസി ക്ഷേമ ബോർഡിന്റെ വെബ് സൈറ്റ് ആയ www.pravasikerala.org**

www.pravasikerala.org -> Services -> Login user name & password (**ലോഗിൻ ചെയ്ത്**) -> Schemes -> Maternity assistance

**V) പൊതു നിർദ്ദേശങ്ങൾ**

സമർപ്പിക്കുന്ന വിവരങ്ങൾ/രേഖകൾ തെറ്റാണെന്ന് കണ്ടെത്തുന്ന പക്ഷം കേരള പ്രവാസി ക്ഷേമ ബോർഡിൽ നിന്നും കൈപ്പറ്റിയ എല്ലാ ആനുകൂല്യങ്ങളും തിരച്ചടയ്ക്കുന്നതിനും, ബോർഡ് നിഷ്കർഷിക്കുന്ന പ്രകാരമുള്ള നിയമ നടപടികൾക്ക് വിധേയരാകുന്നതിനും ക്ഷേമനിധി അംഗങ്ങൾ പ്രതിജ്ഞാബദ്ധരായിരിക്കും.

Signed by
Geetha Lekshmi M B
Date: 06-08-2024 16:28:44

**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

*പകർപ്പ്.*

എല്ലാ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
ഐ.റ്റി. മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നത്)
ജില്ലാ ഓഫീസുകൾ, അക്ഷയകേന്ദ്രം
സേവാ കേന്ദ്രങ്ങൾ, GME, സൊസൈറ്റികൾ, ഏജൻസികൾ
മാനേജർ (ഫിനാൻസ്)
CA To CHAIRMAN/CEO
അക്കൗണ്ട്സ് സെക്ഷൻ
ഓഫീസ് കോപ്പി